പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2770 28-10-2026-ൽ മറുപടിയ്ക്ക്

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ഭവന നിർമ്മാണ പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. വി. ഇബ്രാഹിം ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) സർക്കാരിന്റെ ഭവനനിർമ്മാണ പദ്ധതിയിൽ മത്സ്യത്തൊഴിലാളികൾക്കായി എന്തൊക്കെ പ്രത്യേക പദ്ധതികളാണുള്ളതെന്ന് വിശദമാക്കാമോ;

മറുപടി: ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയിൽ മത്സ്യതൊഴിലാളി വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക പരിഗണന നല്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി 15.10.2026 വരെ ഭവനനിർമ്മാണ ധനസഹായത്തിനായി ഈ വിഭാഗത്തിൽ നിന്നും കരാറിൽ ഏർപ്പെട്ട 17,084 ഗുണഭോക്താക്കളിൽ 15,355 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 1,729 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

മത്സ്യതൊഴിലാളികൾ ഉൾപ്പെടെ തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളെ സുരക്ഷിത ഭവനങ്ങളിലും ഫ്ലാറ്റുകളിലും പുനരധിവസിപ്പിക്കുന്നതിനുള്ള പുനർഗേഹം പദ്ധതി ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്നു. പദ്ധതി പ്രകാരം വ്യക്തിഗത ഭവന നിർമ്മാണത്തിനോടൊപ്പം ഗുണഭോക്താക്കൾ ചേർന്ന് റസിഡൻസ് ഗ്രൂപ്പ് രൂപീകരിച്ച് നിർമ്മിക്കുന്ന അപ്പാർട്ടുമെന്റുകൾ സർക്കാർ/ സ്വകാര്യ ഭൂമി ഏറ്റെടുത്ത് നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾ എന്നിവയിലൂടെ പുനരധിവാസം നടപ്പിലാക്കി വരുന്നു.

(ബി) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കി മാറ്റുന്ന പദ്ധതിയിൽ നിലവിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

മറുപടി: മത്സ്യ തൊഴിലാളി കോളനികളിലെ ജീർണാവസ്ഥയിലുള്ള വീടുകളുടെ പുനർനിർമ്മാണത്തിനായി സ. ഉ. (സാധാ) നം. 45/2024/എഫ് & പി, തീയതി 22.01.2024 പ്രകാരം, ഫിഷറീസ് വകുപ്പ് ഭരണാനുമതി നല്കിയ കോളനി ഭവന പുനർ നിർമ്മാണ പദ്ധതിയിൽ ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കി മാറ്റുന്നതിനുള്ള പ്രവൃത്തികൾക്ക് മുൻഗണന നല്കിയിരുന്നു. വള്ളിക്കുന്ന് പഞ്ചായത്തിലെ ആനങ്ങാടി ഫിഷർമെൻ ഉന്നതിയിലെ 14 പേർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നു എങ്കിലും ആവശ്യമായ രേഖകൾ, ഉടമസ്ഥാവകാശം, ബിൽഡിംഗ് പെർമിറ്റ്, ആവശ്യമായ മറ്റു രേഖകൾ എന്നിവ ഹാജരാക്കാതിരുന്നതിനാലും, ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കുന്നതിനു ഇരു വീട്ടുകാരുടെ സമ്മതമില്ലായ്മയും, വീട് പൊളിച്ചു ഒറ്റ വീടാകുമ്പോൾ ഉണ്ടാകുന്ന സ്ഥല ലഭ്യത, പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് ആയ 4 ലക്ഷം രൂപയ്ക്ക് വീട് പണി പൂർത്തീകരിക്കുന്നതിനു തികയാത്ത അവസ്ഥ എന്നിവ കാരണം ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്നതിൽ നിന്നും ഗുണഭോക്താക്കൾ പിന്മാറിയിരുന്നു.

വള്ളിക്കുന്ന് മണ്ഡലത്തിലെ തീരദേശ മേഖലയിലെ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 24/07/2026-ൽ ബഹു. എം. എൽ. എ.-യുടെയും ജില്ലാ കളക്ടറുടേയും സാന്നിധ്യത്തിൽ ചേർന്ന അവലോകന യോഗത്തിലെ തീരുമാനം അനുസരിച്ച്, ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന വീടുകളുടെ കൃത്യമായ കണക്കെടുപ്പ് നടത്തുന്നതിനും നിർദ്ദിഷ്ട സ്ഥലം സന്ദർശിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുള്ളതാണ്. തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽ വരുന്ന ഇത്തരം കുടുംബങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനായി അരിയല്ലൂർ കണ്ണമ്മായ ട്രസ്റ്റിന്റെ ഭൂമി സർക്കാർ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളും റവന്യൂ അധികാരികളുടെ പരിഗണനയിലാണ്.

കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് മുഖാന്തരം നടപ്പിലാക്കുവാൻ 2026-27 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള എം എൻ ലക്ഷം വീട് സുവർണ്ണ ഭവനം പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് നടപ്പിലാക്കുമ്പോൾ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ നിന്ന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിക്കുന്നതാണ്.

(സി) നിലവിൽ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഭവനനിർമ്മാണ വകുപ്പിന്റെ ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും അവയുടെ നിലവിലെ അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ;

മറുപടി: വകുപ്പിന് കീഴിലുള്ള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് വഴി വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിൽ നിലവിൽ പദ്ധതികൾ ഒന്നും നടപ്പിലാക്കുന്നില്ല.

(ഡി) സർക്കാരിന്റെ ഭവനനിർമ്മാണ സഹായങ്ങളും മാനദണ്ഡങ്ങളും വിശദമായി ഇനംതിരിച്ചു ലഭ്യമാക്കാമോ?

മറുപടി: വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന ഭവനനിർമ്മാണ സഹായങ്ങളും മാനദണ്ഡങ്ങളും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന ഭവനനിർമ്മാണ സഹായങ്ങളും മാനദണ്ഡങ്ങളും

I . കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്

1. ഗൃഹശ്രീ ഭവന പദ്ധതി

സ്വന്തമായി വാസയോഗ്യമായ വീടില്ലാത്ത കുറഞ്ഞത് 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല (EWS) വിഭാഗം/ താഴ്ന്ന വരുമാന (LIG) വിഭാഗത്തിൽ പ്പെട്ടവർക്ക് സന്നദ്ധ സംഘടന/ എൻ.ജി.ഒ./ കാരുണ്യവാന്മാരായ വ്യക്തികൾ (Sponsor) എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി 3 ലക്ഷം രൂപ കേരള സർക്കാർ സബ്സിഡി നല്കുന്ന പദ്ധതിയാണ് ഗൃഹശ്രീ ഭവന പദ്ധതി. അർഹതാ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു

- സ്വന്തമായി വാസയോഗ്യമായ വീടില്ലാത്ത കുറഞ്ഞത് 2 സെന്റ്/ 3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല (EWS) വിഭാഗം/ താഴ്ന്ന വരുമാന (LIG) വിഭാഗത്തിൽപ്പെട്ടവർ ആണ് ഗുണഭോക്താക്കൾ.

- സന്നദ്ധ സംഘടന/ എൻ. ജി. ഒ. /കാരുണ്യവാന്മാരായ വ്യക്തികൾ സ്പോൺസർ മാരായി സമർപ്പിക്കുന്ന അപേക്ഷയിൽ അനുമതി നല്കുന്ന മുറയ്ക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതാണ്.

- ഒരു ലക്ഷം രൂപ സ്പോൺസറും ഒരു ലക്ഷം രൂപ ഗുണഭോക്താവും ബോർഡിൽ ഒടുക്കേണ്ടതും വീടിന്റെ നിർമ്മാണ ഘട്ടം അനുസരിച്ച് 3 ലക്ഷം രൂപ സർക്കാർ സബ്സിഡി ഉൾപ്പെടെ 4 ഗഡുക്കളായി 5 ലക്ഷം രൂപ ഭവന നിർമ്മാണത്തിന് നല്കുന്നതുമാണ്.

- ഗൃഹശ്രീ പദ്ധതിയിൽ അനുമതി നല്കുന്ന വീടിന്റെ തറ വിസ്തീർണ്ണം പരമാവധി 83 ച. മീ. ആണ്.

ലോൺ ലിങ്ക്ഡ് സബ്സിഡി സ്കീം

12 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള സ്വന്തമായി ഭൂമി ഉള്ള ഇടത്തരം വരുമാന വിഭാഗക്കാർക്കായി ലോൺ എടുത്ത് വീട് നിർമ്മിക്കുന്നതിനായി പരമാവധി 3 ലക്ഷം രൂപ സർ ക്കാർ സബ്സിഡി നല്കുന്നതാണ് ലോൺ ലിങ്ക്ഡ് സബ്സിഡി സ്കീം. ടി പദ്ധതിയ്ക്ക് സർക്കാർ തുക അനുവദിച്ച് വരുന്നതിനാൽ തിരിച്ചടവോ പലിശ ഇളവുകളോ ഒന്നും തന്നെ ഇല്ല. അർ ഹതാ മാനദണ്ഡങ്ങൾ ചുവടെ

- ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും ഭവന വായ്പ എടുക്കുന്നതോടൊപ്പം ബോർ ഡ് അംഗീകരിച്ച നിബന്ധനകൾക്ക് വിധേയമായി തിരഞ്ഞെടുക്കപ്പെടുന്ന LIG/MIG ഗുണഭോക്താക്കൾക്ക് ബാങ്കിൽ നിന്നും തവണകളായി വായ്പാ തുക

ലഭിക്കുന്നതൊടൊപ്പം സർക്കാർ സബ്സിഡി ലഭ്യമാകുന്ന മുറയ്ക്ക് ബോർഡിൽ നിന്നും ലോൺ തുകയുടെ ആനുപാതികമായി സബ്സിഡി തുക വിതരണം ചെയ്യുന്നതാണ്.

- വീട് നിർമ്മാണത്തിന് അനുവദനീയമായ ഏരിയ 100 മുതൽ 160 ചതുരശ്ര മീറ്റർ വരെ ആയി നിജപ്പെടുത്തിയിട്ടുള്ളതാണ്. ഗുണഭോക്താവ് സ്വന്തം ഉത്തരവാദിത്തത്തിൽ നിർ മ്മാണത്തിന്റെ ഗുണനിലവാരം ഉറപ്പാക്കി ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്.

മേൽ പദ്ധതികൾക്ക് 3 വ്യവസ്ഥകൾക്ക് വിധേയമാണ്.

1. പദ്ധതികളിൽ നിർമ്മാണം നടത്തുന്ന വീടുകൾ സർക്കാർ മാനദണ്ഡ പ്രകാരമുള്ള നിർ ദ്ദിഷ്ട ഏരിയയെക്കാൾ അധീകരിച്ച് നിർമ്മാണം നടത്തുവാൻ പാടുള്ളതല്ല.

2. ഗുണഭോക്താക്കൾ തുക പൂർണ്ണമായും കൈപ്പറ്റി നിർമ്മാണം പൂർത്തിയാക്കിയാൽ 15 വർ ഷത്തിനകം വീട് കൈമാറ്റം ചെയ്യാനോ, വിൽക്കാനോ പാടുള്ളതല്ലെന്നും ബോർഡുമായി ഏർപ്പെടുന്ന കരാറിൽ വ്യവസ്ഥ ചെയ്യുന്നു.

3. ഗുണഭോക്താവ് സർക്കാരിന്റെ ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ പട്ടിക ലിസ്റ്റിൽ ഉൾപ്പെട്ടവരോ, വീട് നിർമ്മാണത്തിന് സർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചവരോ ആകരുത്.

II. ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതി

മത്സ്യതൊഴിലാളികൾ ഉൾപ്പെടെ തീരദ്ദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളെ സുരക്ഷിത ഭവനങ്ങളിലും, ഫ്ലാറ്റുകളിലും പുനരധിവസിപ്പിക്കുന്നതിനുള്ള പുനർഗേഹം പദ്ധതി ഫിഷറീസ് വകുപ്പ് മുഖേന സർക്കാർ നടപ്പിലാക്കുന്നു. പുനർഗേഹം പദ്ധതി പ്രകാരം വ്യക്തിഗത ഭവന നിർമ്മാണത്തോടൊപ്പം ഗുണഭോക്താക്കൾ ചേർന്ന് റസിഡന്റ്സ് ഗ്രൂപ്പ് രൂപീകരിച്ച് നിർമ്മിക്കുന്ന അപ്പാർട്ടുമെന്റുകൾ സർക്കാർ/സ്വകാര്യ ഭൂമി ഏറ്റെടുത്ത് നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾ എന്നിവയിലൂടെ പുനരധിവാസം നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ മാറിതാമസിക്കുന്ന ഒരു ഗുണഭോക്താവിന് പരമാവധി ധനസഹായം 10 ലക്ഷം രൂപയാണ്. പദ്ധതി പ്രകാരം 846 ഫ്ലാറ്റുകൾ അനുവദിച്ച് നല്കിയിട്ടുണ്ട്. 640 ഫ്ലാറ്റുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. പദ്ധതി മാനദണ്ഡം ചുവടെ

- തുടർച്ചയായ കടലാക്രമണ ഭീഷിണി നേരിടുന്ന പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ ക്ക് മുൻഗണന.

- നിലവിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പുനരധിവാസ പദ്ധതികളിലെ ഗുണഭോക്താക്കളിൽ നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഉള്ളവരും ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും ഒരേ വീട്ടിൽ വെവ്വേറെ റേഷൻ കാർഡുള്ള

കുടുംബങ്ങൾ താമസിക്കുന്നുണ്ടെങ്കിൽ അവരെയും വ്യത്യസ്ത ഗുണഭോക്താക്കളായി പരിഗണിക്കും. എന്നാൽ ഭൂമിയുടെയും വീടിന്റെയും ഉടമയ്ക്കായിരിക്കും ആദ്യ പരിഗണന.

- ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടിരുന്നവരായിരുന്നാലും, അവർ വ്യത്യസ്ത കുടുംബങ്ങളായി സ്വന്തമായി വീടില്ലാത്തതു കൊണ്ടുമാത്രം, മാതാപിതാക്കളോടൊപ്പമോ അല്ലാതെയോ താമസിക്കുന്നവരെയും വ്യത്യസ്ത കുടുംബമായി പരിഗണിച്ച് ധനസഹായം നല്കാവുന്നതാണ്.

- അപേക്ഷകന് തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ സ്വന്തമായി വീട് ഉണ്ടായിരിക്കണം സ്ഥലത്തിന്റെയും വീടിന്റെയും ഉടമസ്ഥാവകാശം ബന്ധപ്പെട്ട മത്സ്യഭവൻ ഓഫീസർ സാക്ഷ്യപ്പെടുത്തണം.

- ഫിഷറീസ് വകുപ്പ് 2018-19-ൽ സർവ്വേ നടത്തി കണ്ടെത്തിയ ഗുണഭോക്താക്കളിൽ 50 മീറ്ററിനുള്ളിൽ നിന്നും മാറിതാമസിക്കാമെന്ന് സമ്മതം അറിയിച്ചിട്ടുള്ളവരെയാണ് പരിഗണിക്കുന്നത്.

- നിലവിൽ തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരും എന്നാൽ 2018-19-ൽ ഫിഷറീസ് വകുപ്പ് തയ്യാറാക്കിയ ലിസ്റ്റിൽ ഉൾ പ്പെടാത്തവരും ഉണ്ടെങ്കിൽ അതാത് ഡെപ്യൂട്ടി ഡയറക്ടറുടെ വ്യക്തവും വിശദവുമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാതല അപ്പീൽ കമ്മിറ്റിയുടെ (DLAC) അംഗീകാരത്തിന് വിധേയമായി ബന്ധപ്പെട്ട ജില്ലയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾ പ്പെടുത്തി ആനുകൂല്യം അനുവദിക്കുന്നതാണ്.

III. പട്ടികജാതി പട്ടികവർഗ വികസന വകുപ്പിന്റെ തനത് ഭവന പദ്ധതി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിത കുടുംബങ്ങൾക്കും വാസയോഗ്യമല്ലാത്ത ഭവനങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾക്കും സ്വന്തമായി സുരക്ഷിതവും വാസയോഗ്യവുമായ ഭവനം നിർമ്മിക്കുന്നതിന് ധനസഹായം നല്കുക എന്ന ലക്ഷ്യത്തോടെ തനത് ഭവനപദ്ധതി നടപ്പിലാക്കാൻ പട്ടികജാതി പട്ടികവർഗ വികസന വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ മാർഗ്ഗരേഖ സ. ഉ. (കൈ) നം. 36/2026/SCSTD തീയതി 07.10.2026 പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. അർഹതാ മാനദണ്ഡം ചുവടെ ചേർക്കുന്നു

- പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബമായിരിക്കണം.

- കുടുംബത്തിന്റെ പ്രതിവർഷ വരുമാന പരിധി 3 ലക്ഷം രൂപ ആയിരിക്കും

- സ്വന്തം പേരിലോ ഭാര്യ/ ഭർത്താവിന്റെ പേരിലോ ഭവന നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി ഉണ്ടായിരിക്കണം.

- ഗ്രാമപരിധിയിൽ കുറഞ്ഞത് 2 സെന്റും നഗരപരിധിയിൽ കുറഞ്ഞത് 1 1/2 സെന്റും ഭൂമിയുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്.

- സ്വന്തം പേരിലോ ഭാര്യ/ ഭർത്താവിന്റെ പേരിലോ വാസയോഗ്യമായ ഭവനം ഇല്ലാത്തവർക്ക് അപേക്ഷിക്കാവുന്നതാണ്.

- കഴിഞ്ഞ 20 വർഷത്തിനുള്ളിൽ വകുപ്പ് മുഖേനയോ മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ ധനസഹായം ലഭിച്ചിട്ടില്ലാത്തവർക്ക് അപേക്ഷിക്കാവുന്നതാണ്.

- സർക്കാർ/ അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥിരം ജോലിയുള്ളവർ, സർവീസ് പെൻഷൻകാർ എന്നിവർ അർഹരല്ല.

- അപേക്ഷകർ 70 വയസ്സിന് താഴെ പ്രായമുള്ളവരും വിവാഹിതരുമായിരിക്കണം എന്നാൽ 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ വനിതകളെയും പരിഗണിക്കുന്നതാണ്.

IV . തദ്ദേശ സ്വയംഭരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

വിവിധ കേന്ദ്ര/ സംസ്ഥാന ഭവനപദ്ധതികൾ സംയോജിപ്പിച്ച് സംസ്ഥാനത്ത് നടപ്പിലാക്കുന്ന ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയുടെ അർഹതാ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.
എ) ഭൂമിയുള്ള ഭവനരഹിതർ

- ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒറ്റകുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിന് മാത്രമായി പരിഗണിക്കേണ്ടതാണ്. ആ റേഷൻ കാർഡിൽ ഉൾപ്പെട്ട ഒരാൾക്കുപോലും ഭവനം ഇല്ലാത്തവരും ആകണം. (പട്ടികജാതി/ പട്ടികവർഗ്ഗ/ മത്സ്യതൊഴിലാളി വിഭാഗത്തിന് ബാധകമല്ല)

- സർക്കാർ/ അർദ്ധസർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്ഥിരജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

- വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ കൂടുതലുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

- ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലേറെയോ, മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്. (പട്ടികജാതി/ പട്ടികവർഗ്ഗ/ മത്സ്യതൊഴിലാളി വിഭാഗത്തിന് ബാധകമല്ല)

- ഉപജീവനതൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലുചക്രവാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

- അവകാശികൾ വസ്തുഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവർ ഒഴിവാക്കപ്പെടേണ്ടതാണ്.

- ജീർണിച്ചതും അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ പറ്റാത്തതുമായ ഭവനങ്ങൾ (മൺഭിത്തി/ കൽഭിത്തി, ടാർപ്പോളിൻ, ഷീറ്റ്, തടി എന്നിവ കൊണ്ട് നിർമ്മിച്ച ഭിത്തിയുള്ളതും, ഷീറ്റ്, ഓല എന്നിവയോട് കൂടിയ മേൽക്കൂര ഉള്ളതുമായ ഭവനങ്ങളെ ജീർണ്ണിച്ചതും വാസയോഗ്യമല്ലാത്തതുമായ ഭവനങ്ങൾ എന്ന വിഭാഗത്തിൽ പരിഗണിക്കാം). നിർവഹണ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന പക്ഷം തദ്ദേശസ്വയംഭരണ സ്ഥാപന എൻ ജിനീയർ ടി ഭവനത്തിന്റെ വാസയോഗ്യത സംബന്ധിച്ച സാക്ഷ്യപത്രം നല്കേണ്ടതാണ്.

ബി) ഭൂരഹിത ഭവനരഹിതർ

മുകളിലെ മാനദണ്ഡങ്ങൾക്കൊപ്പം സ്വന്തമായി ഭൂമിയില്ലാത്തവർ/ റേഷൻ കാർഡിൽ പേരുള്ള കുടുംബാംഗങ്ങളുടെ പേരിൽ ഭൂമിയില്ലാത്തവർ/ റേഷൻ കാർഡിൽ പേരുള്ള കുടംബാംഗങ്ങളുടെ മൊത്തം പേരിലും കൂടി 3 സെന്റിൽ കുറവ് ഭൂമി ഉള്ളവർ എന്നിവരേയും പരിഗണിക്കും.

ക്ലേശഘടകങ്ങൾ (മുൻഗണനാ മാനദണ്ഡങ്ങൾ)

- മാനസിക വെല്ലുവിളികൾ നേരിടുന്നവരോ/അന്ധരോ ശാരീരികത്തളർച്ച ബാധിച്ചവരോ ആയ കുടുംബാംഗങ്ങൾ ഉള്ള കുടുംബങ്ങൾ.
- അഗതി / ആശ്രയ പദ്ധതിയിലെ ഗുണഭോക്താക്കൾ
- 40%-ൽ കുറയാത്ത അംഗവൈകല്യമുള്ള അംഗങ്ങൾ ഉള്ള കുടുംബങ്ങൾ
- ഭിന്നലിംഗക്കാർ.
- ഗുരുതര/മാരക രോഗമുള്ള (കാൻസർ/ ഹൃദ്രോഗം/ കിഡ്നി തകരാറ് മൂലം ഡയാലിസിസിന് വിധേയരാകുന്നവർ/പക്ഷാഘാതം തുടങ്ങിയവ) അംഗങ്ങളുള്ള കുടുംബങ്ങൾ.
- അവിവാഹിതരായ അമ്മമാർ കുടുംബനാഥയായുള്ള കുടുംബങ്ങൾ.
- രോഗമോ അപകടമോ കാരണം തൊഴിലെടുത്ത് ജീവിക്കാനാകാത്ത കുടുംബനാഥരായ കുടുംബങ്ങൾ
- വിധവയായ കുടുംബനാഥയും സ്ഥിരവരുമാനമില്ലാത്ത അംഗങ്ങളുമുള്ള കുടുംബങ്ങൾ
- എച്ച്.ഐ.വി. ബാധിതരായ അംഗങ്ങളുള്ള കുടുംബങ്ങൾ.

ഈ പദ്ധതി പ്രകാരം, മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള പൊതു വിഭാഗത്തിനും പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കും ഭവനനിർമ്മാണ ധനസഹായമായി 4 ലക്ഷം രൂപയും, പട്ടിക വർഗ്ഗ സങ്കേതങ്ങൾക്കകത്ത്, സമീപത്ത്, ദുർഘട പ്രദേശങ്ങൾ

എന്നിവിടങ്ങളിലെ ഭവനനിർമ്മാണത്തിന്, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 6 ലക്ഷം രൂപയുമാണ് അനുവദിക്കുന്നത്.

PMAY-G(ഗ്രാമീൺ) പദ്ധതിയുടെ അർഹത മാനദണ്ഡങ്ങൾ

- 16-നും 59 നും ഇടയിൽ പ്രായപൂർത്തിയായ അംഗങ്ങൾ ഇല്ലാത്ത കുടുംബം
- 16-നും 59 നും ഇടയിൽ പ്രായമുള്ള പ്രായപൂർത്തിയായ ഒരു പുരുഷ അംഗം പോലും ഇല്ലാത്ത സ്ത്രീ ഗൃഹനാഥയായ കുടുംബം
- 25 വയസ്സിനുമേൽ പ്രായമുള്ള സാക്ഷരതയുള്ള ഒരംഗം പോലും ഇല്ലാത്ത കുടുംബം
- ഭിന്നശേഷി ഉള്ള അംഗമുള്ളതും ശാരീരിക ക്ഷമതയുള്ള പ്രായപൂർത്തിയായ ആരും ഇല്ലാത്തതും ആയ കുടുംബം
- വരുമാനത്തിന്റെ മുഖ്യ പങ്കും ശാരീരിക അധ്വാനത്തിലൂടെ നേടുന്ന ഭൂമി ഇല്ലാത്ത കുടുംബം.

പദ്ധതിയുടെ ഒഴിവാക്കൽ മാനദണ്ഡങ്ങൾ

- ഉറപ്പുള്ള മേൽക്കൂരയും അല്ലെങ്കിൽ ഉറപ്പുള്ള ഭിത്തിയുമുള്ള വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾ
- രണ്ടിലധികം മുറികളുള്ള വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾ
- യന്ത്രവത്കൃതമായ മൂന്ന്/നാല് ചക്ര വാഹനങ്ങൾ.
- യന്ത്രവത്കൃതമായ മൂന്ന്/നാല് ചക്ര കാർഷിക ഉപകരണങ്ങൾ.
- 50,000 രൂപയോ അതിൽ കൂടുതലോ വായ്പാ പരിധിയുള്ള കിസാൻ ക്രെഡിറ്റ് കാർഡ്.
- സർക്കാർ ജീവനക്കാരായ അംഗങ്ങളുള്ള കുടുംബങ്ങൾ.
- സർക്കാരിൽ രജിസ്റ്റർ ചെയ്ത കാർഷികേതര സംരംഭങ്ങളുള്ള കുടുംബങ്ങൾ
- കുടുംബത്തിലെ ഏതെങ്കിലും അംഗത്തിന് പ്രതിമാസം 15,000 രൂപയിൽ കൂടുതൽ വരുമാനമുണ്ടെങ്കിൽ.
- ആദായനികുതി അടയ്ക്കുന്നവർ.

- പ്രൊഫഷണൽ ടാക്സ് (തൊഴിൽ നികുതി) അടയ്ക്കുന്നവർ.
- 2.5 ഏക്കറോ അതിൽ കൂടുതലോ കാർഷിക ഭൂമിയുള്ളവർ.
- 5 ഏക്കറോ അതിൽ കൂടുതലോ കാർഷികേതര ഭൂമിയുള്ളവർ.